# കേരളസർവകലാശാല

നം.പി.ആർ.12/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാലയിൽ സന്ദർശകർക്ക് നിയന്ത്രണം

കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ കേരളസർവകലാശാലയിൽ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. സർവകലാശാല ഫീസുകളും, അപേക്ഷകളും പരമാവധി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വളരെ അത്യാവശ്യ സാഹചര്യങ്ങളിൽ മുൻകൂർ അനുമതിയോടുകൂടി മാത്രമേ സന്ദർശകർക്ക് പ്രവേശനം അനുവദിക്കുകയുളളൂ.

### കേരളസർവകലാശാല ലൈബ്രറിയിൽ നിയന്ത്രണം

കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ കേരളസർവകലാശാല ലൈബ്രറിയിൽ പുതിയ അംഗത്വം നൽകുന്നത് ജനുവരി 27 വരെ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. നിലവിലെ ലൈബ്രറി അംഗങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രവേശനം അനുവദിക്കുന്നതാണ്.

### പരീക്ഷാഫലം

കേരള സർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2015, 2016,2017 അഡ്മിഷൻ സപ്ലിമെന്ററി & 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. നാലാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി (247) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഡാൻസ്) (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2015 – 2017 അഡ്മിഷൻ – സപ്ലിമെന്ററി, 2013 അഡ്മിഷൻ – മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും ജനുവരി 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തുന്ന പിഎച്ച്.ഡി. കോഴ്സ്‌വർക്ക് (ഡിസംബർ 2021 സെഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല ജനുവരിയിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. ജനുവരി 19 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കൗൺസിലിംഗ് സൈക്കോളജി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 4 ലേക്ക് മാറ്റിയിരിക്കുന്നു.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം – റെഗുലർ) പ്രാക്ടിക്കൽ പരീക്ഷ ജനുവരി 19, 20, 21, 24 & 25 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ജനുവരി 14 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (എഫ്.ഡി.പി.) (റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018, 2017 അഡ്മിഷൻ, അഡീഷണൽ സപ്ലിമെന്ററി 2016 അഡ്മിഷൻ, മേഴ്സിചാൻസ് 2014 അഡ്മിഷൻ) ബി.എസ്‌സി. ഹോംസയൻസ്, ബയോകെമിസ്ട്രി എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ജനുവരി 19 ലേക്കും മാത്തമാറ്റിക്സ് പ്രാക്ടിക്കൽ ജനുവരി 21 ലേക്കും മാറ്റിയിരിക്കുന്നു.

തിരുവനന്തപുരം,
17.01.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**